**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (KURDFC Ltd.)- ജീവനക്കാര്യം- ഫിനാൻസ് മാനേജർ തസ്തികയിലുള്ള ശ്രീ. ആർ. മനുവിന്റെ കരാർ നിയമന കാലാവധി - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2710/2019/തസ്വഭവ. തിരുവനന്തപുരം, തീയതി:30/11/2019**

---

പരാമർശം:- (1) 11.07.2019 തീയതിയിലെ സ.ഉ.(സാധാ)നം.1446/2019/തസ്വഭവ

(2) 01.08.2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ കെ.യു.ആർ.ഡി.എഫ്.സി./എ 2/205/2018 നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ശ്രീ. ആർ. മനുവിന്റെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ ഫിനാൻസ് മാനേജർ തസ്തികയിലുള്ള കരാർ നിയമനത്തിന് 25.06.2018 മുതൽ പ്രാബല്യത്തിൽ സാധൂകരണം നൽകി ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം ടിയാന്റെ കരാർ നിയമനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.യു.ആർ.ഡി.എഫ്.സി -യിൽ ഫിനാൻസ് മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ. ആർ. മനുവിന്റെ കരാർ നിയമന കാലാവധി 25.06.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**